# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മെയ് 19**

---

## എം.ജി സർവകലാശാല; കോളജുകളിൽ പിജി പ്രവേശനത്തിന് രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ, എയ്ഡഡ്, സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് എകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.*

*മാനേജ്മെന്റ്, ലക്ഷദ്വീപ്, വികലാംഗ, സ്പോർട്സ്, കൾച്ചറൽ ക്വാട്ടകളിൽ പ്രവേശനം തേടുന്നവരും ഏകജാലക സംവിധാനത്തിൽ അപേക്ഷ നൽകണം. ലക്ഷദ്വീപിൽനിന്നുള്ള വിദ്യാർഥികൾക്കായി എല്ലാ കോളജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടു ്. സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ അപേക്ഷയ്ക്കൊപ്പം അപ് ലോഡ് ചെയ്യണം.*

*വിശദ വിവരങ്ങൾക്കും ഓൺലൈൻ രജിസ്സ്ട്രേഷനും* cap.mgu.ac.in *സന്ദർശിക്കുക. അഫിലിയേറ്റഡ് കോളജുകളിൽ ഹെൽപ്പ് ഡസ്ക്കുകൾ സജ്ജീകരിച്ചിട്ടു ്.*

*(പി.ആർ.ഒ/39/1585/2025)*

## ഡ്രോൺ ടെക്നോളജി; സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഡ്രോൺ ടെക്നോളജി ശാസ്ത്രീയമായി പരിശീലിപ്പിച്ച് ലൈസൻസ് നൽകുന്ന കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.*

*ഡോ. ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.ഐസ്*

*ആണ് റിമോട്ട്ലി പൈലറ്റഡ് എയർക്രാഫ്റ്റ് സിസ്റ്റത്തിൽ(ആർ.പി.എ.എസ്) മൂന്നു മാസവും ഒരു മാസവും ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നത്.*

*മലേഷ്യ ആസ്ഥാനമായുള്ള എസ്. ജി ഗ്രൂപ്പിന്റെ ഉപസ്ഥാപനമായ ഏഷ്യ സോഫ്റ്റ് ലാബ് പ്രൈവറ്റ് ലിമിറ്റഡിന്റെ സാങ്കേതിക സഹായത്തോടെ നടത്തുന്ന കോഴ്സിൽ ബിരുദമോ, ബിരുദാനന്തര ബിരുദമോ ഉള്ളവർക്കാണ് അവസരം. പ്രായം 18നും 60നും മധ്യേ.*

*കൃഷി, ഡാറ്റാ പ്രോസസ്സിംഗ്, ത്രീഡി ഇമേജിംഗ്, മൈനിംഗ്, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം, സിനിമ തുടങ്ങിയ മേഖലകളിൽ ഡ്രോണിന്റെ ഉപയോഗം, ഡ്രോൺ റേസിംഗ്, ഡ്രോൺ ഫ്ളൈറ്റ് പ്ലാനിംഗ് ആൻറ് ഓപ്പറേഷൻസ്, ഡ്രോൺ നിർമാണം തുടങ്ങിയവ ഉൾപ്പെടുന്നതാണ് സിലബസ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ എവിയേഷൻറെ അംഗീകൃത ഡ്രോൺ പൈലറ്റ് ലൈസൻസ് ലഭിക്കും.*

*വിശദ വിവരങ്ങളും അപേക്ഷാ ഫോറവും* https://ses.mgu.ac.in, https://asiasoftlab.in *എന്നീ ലിങ്കുകളിൽ ലഭിക്കും. ഫോൺ- 7012147575 / 6282448585. ഇമെയിൽ -* uavsesmgu@gmail.com.

*(പി.ആർ.ഒ/39/1586/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ ബിഎ മദ്ദളം(സിബിസിഎസ് പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 22ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1587/2025)*

## പരീക്ഷാ ഫലം

*ആറാം സെമസ്റ്റർ ബാച്ച്ലർ ഓഫ് വൊക്കേഷൻ (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് മാർച്ച് 2025) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ര ു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

......................

*നാലാം വർഷ ബാച്ച്ലർ ഓഫ് ഫാർമസി (2016 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അ ഡ്മിഷൻ ര ാം മെഴ്സി ചാൻസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ മൂന്നാം മെഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർ ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ ര ു വരെ നിശ്ചിത ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1588/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**